

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഇടമലക്കുടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7-1323/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 27/12/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടമലക്കുടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇടമലക്കുടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടമലക്കുടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ്

പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7-1323/2023

തീയ്യതി: 27/12/2023

ഇടുക്കി ജില്ലയിലെ ഇടമലക്കുടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇടമലക്കുടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-03-2023 മുതൽ 31-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-12-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി

പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. അനിൽ മാത്യു ഐപ്പ്	ഡെപ്യൂട്ടി ഡയറക്ടർ	27-11-2023	02-12-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
27-11-2023	02-12-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ടി. എസ്. ധനജയൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. ജോസഫ് ചാക്കോ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ജോമോൻ ഫ്രാൻസിസ്, സീനീയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജോഷി തോമസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

ശ്രീമതി ഈശ്വരി	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ ആർ വർഗീസ്	സെക്രട്ടറി	01-04-2022	31-05-2022
ശ്രീ അനീഷ് കുമാർ വി.എൻ.	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-06-2022	07-10-2022
ശ്രീ സന്തോഷ് കെ	സെക്രട്ടറി	08-10-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ജിൻസ് കെ ജി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	12-09-2022
ശ്രീ പ്രശോബ് കെ.പി.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	13-09-2022	31-03-2023
ഡോ. അനിത അനൂപ്	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2022	31-03-2023
ഡോ പ്രദീപ് കുമാർ പി.	മെഡിക്കൽ ഓഫീസർ (ആയുർവേദം	01-04-2022	31-03-2023
ശ്രീ മുരുകൻ കെ	കൃഷി ഓഫീസർ	01-04-2022	08-03-2023
ശ്രീ ബിജു കെ.ഡി.	കൃഷി ഓഫീസർ	09-03-2023	31-03-2023
ശ്രീ ബാബു പ്രസാദ് ആർ.	അസിസ്റ്റന്റ് എൻജിനീയർ	01-04-2022	29-05-2022
ശ്രീ ജയ്മോൻ	അസിസ്റ്റന്റ് എൻജിനീയർ	30-05-2022	22-09-2022

ശ്രീ ഷിബു ബി.	അസിസ്റ്റന്റ് എൻജിനീയർ	23-09-2022	31-03-2023
ശ്രീ വാസുദേവൻ പിള്ള പി എസ്.	ഹെഡ്മാസ്റ്റർ	01-04-2022	31-03-2023
ശ്രീ അനീഷ് കുമാർ വി എൻ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	13-10-2022
ശ്രീ മാത്യു കെ.ജെ.	അസിസ്റ്റന്റ് സെക്രട്ടറി	02-11-2022	31-03-2023
ഡോ. അശ്വതി വിശ്വം എസ്	മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി)	01-04-2022	02-05-2022
ഡോ. സാബു വി എസ്	മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി)	03-05-2022	11-09-2022
ഡോ. സഖിൽ രവീന്ദ്രൻ	മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി)	12-09-2022	31-03-2023
ശ്രീമതി അനുമോൾ അഗസ്റ്റി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2022	15-07-2022
ശ്രീമതി ദീപാ സോമൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	16-07-2022	31-03-2023
ഡോ ഐ എ രാജൻ	വെറ്ററിനറി സർജൻ	01-04-2022	31-03-2023

14.10.2022 മുതൽ 1.11.2022 വരെ അസി. സെക്രട്ടറി തസ്തിക ഒഴിവായിരുന്നു

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല	1-1-1
3	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-2
4	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-3
5	വരവിനങ്ങൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-4
6	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല	1-1-5
7	ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് / ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.	1-1-6
8	ബജറ്റ്	1-2
9	സ്രോതസിൽ നിന്നും കുറവ് ചെയ്ത തുക ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ ഉൾപ്പെടുത്തിയിട്ടില്ല	1-3-1
10	കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റ് തുകകൾ പൂർണ്ണമായും വാർഷിക പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല	1-3-2
11	ഗ്രാന്റ് വിനിയോഗം	1-3
12	ഗ്രാന്റ് വിനിയോഗത്തിലെ കുറവ്- ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നത് ₹ 28.32ലക്ഷം	1-3-3
13	പദ്ധതി അവലോകനം	1-4
14	തൊഴിലുറപ്പ് പദ്ധതി	1-5
15	ക്ഷേമ പെൻഷനുകൾ	1-6
16	ക്യാഷ് ബാലൻസ് പരിശോധന	1-7
17	ആഭ്യന്തരനിയന്ത്രണം	1-8

18	ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ പ്രൊജക്ടുകളുടെ ഫയലുകൾ ഹാജരാക്കിയില്ല- ₹960529/- തടസ്സപ്പെടുത്തുന്നു	1-9
19	ഹെൽത്ത് ഗ്രാന്റിനത്തിൽ എഫ്എച്ച്സിയ്ക്ക് ലഭ്യമായ തുക വിനിയോഗിച്ചില്ല	1-10
20	പാലിയേറ്റീവ് കെയർ പദ്ധതി -നടപ്പാക്കുന്നില്ല	1-11
21	മരുന്നു വാങ്ങൽ പദ്ധതി-വിതരണ ഏജൻസി മരുന്ന് പൂർണമായും ലഭ്യമാക്കിയില്ല	1-12
22	ജി.എസ്.റ്റി കോംപോസിഷൻ സ്കീം പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനത്തിന് ജി.എസ്.റ്റി അനുവദിച്ചു	1-13
23	യൂണിറ്റ് കോസ്റ്റിനേക്കാൾ ഉയർന്ന നിരക്കിൽ തെങ്ങിൻ തൈ വാങ്ങി വിതരണം ചെയ്തത് സംബന്ധിച്ച്	1-14
24	ലൈഫ് ഭവന പദ്ധതി ഭവന നിർമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച്	1-15-1
25	ലൈഫ് ഭവന പദ്ധതി അധിക തുക നൽകിയത് സംബന്ധിച്ച്	1-15
26	പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ, യു. പി. എസ്. ബാറ്ററി വാങ്ങൽ - ജെം മുഖേന താരതമ്യം നടത്താതെ വാങ്ങൽ നടത്തിയിരിക്കുന്നു	1-16
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5

6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പാർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4), 2011 (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഖണ്ഡിക 4.2.1 & അദ്ധ്യായം 11 -ലെ ഖണ്ഡിക 11.3, സംഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ അനുസരിച്ച് ഭരണസമിതിയുടെ 13.07.2023-ലെ 2(1) നമ്പർ തീ 19.07.2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം ഓൺലൈ **ഇടമലക്കുടി ഗ്രാമപഞ്ചായത്തിന്റെ** 2023 മാർച്ചിൽ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡി 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തി ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കേ സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ് അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റ് അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നട പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മു ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നട മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളി

ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്ന മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയ അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡ ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും, നൽകിയ അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീ ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോടു കൂടിയ അഭിപ്ര</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്ത വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീ **ഇടമലക്കുടി ഗ്രാമ പഞ്ചായത്തിന്റെ** 2022-23 വർഷത പ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും, സാമ സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ ഡെപ്യൂട്ടി ഡയ

27.12.2023 ജില്ല ഓഡിറ്റ് കാര്യാല

<u>1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികക പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല</u>

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2) വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുക

തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ അടിസ്ഥാന അനുപ
ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26/07/2011-ലെ ജി.ഒ. (എം.എസ്
നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂ
രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ താ
കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

1. 31/03/2023-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി
കൃത്യതയും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടാത്ത ഇനങ്ങൾ ബ
ഉൾപ്പെടുത്തിയിരിക്കുന്നു.

3. B-11 (E)-ൽ ഉൾപ്പെടുത്തിയിട്ടുള്ള ₹11,449,524/- തുകയുടെ
രേഖകൾ ലഭ്യമല്ല.

1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റിലെ തുകകൾ പൊരുത

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പ്രകാരം 2022-23 കാലയളവിലെ "Net
Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹6730727/- ആണ്
2022-23 കാലയളവിൽ "Net Cash Generated By Operating + Invest
രേഖപ്പെടുത്തിയിരിക്കുന്നത് ₹(-)713832/- ആണ്. അംഗീക
സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേ
സമർപ്പിച്ച സ്റ്റേറ്റ്മന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന

1-1-4 വരവിനങ്ങൾക്ക് സമയബന്ധിതമായി ഡിമാന്റ
രേഖപ്പെടുത്തുന്നില്ല

വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി

1-1-5 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേ

1. ഇൻകം & എക്സ്പെൻഡീച്ചർ പത്രികയിൽ (ഐ-18) രേഖ
ക്രമീകരിച്ചിരിക്കുന്നതിന് ആധികാരികമായ രജിസ്റ്ററുകളോ
ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ രേഖ
ആണെന്നോ കൃത്യമാണെന്നോ ഉറപ്പുവരുത്തുന്നതിന് കഴിഞ

290800101	Prior Period Expenses - Establishment Expenses
290800501	Prior Period Expenses - Programme Expenses

2. ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമല്ല
വാർഷികകണക്കിൽ തേയ്മാനമായി ഉൾപ്പെടുത്തിയിട്ടുള്ള
കണക്കുകളുടെ രേഖകൾ, വർക്ക് ഷീറ്റുകൾ ലഭ്യമല്ല.

1. I-17(A) – Depreciation - പത്രികയിൽ കാണിക്കുന്ന 289014/- സാധൂ

2. B-11 (A)-ൽ Depreciation ഇനത്തിൽ (-)2039016.00 രേഖ
കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമല്ല.

1-1-6 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുക നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് / ട്രഷറി അക്കൗണ്ടുകൾ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

1. ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാൻഡ് തുകക
നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് ട്രഷറി അക്കൗണ്ടുകൾ പ്രകാ
പൊരുത്തപ്പെടുന്നില്ല. B-4 പത്രികയിൽ നീക്കിയിരിപ്പായി
നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ വി
പത്രികയിൽ 47537059/- ചെലവഴിക്കാത്ത ഗ്രാന്റുക
കാണിച്ചിട്ടുണ്ട് എന്നാൽ B-17 പ്രകാരം ആകെ നീ
മാത്രമാണുള്ളത്. ഗ്രാന്റ് തുകകൾ വകമാറ്റി ചെലവഴിച്ച
കാരണം വ്യക്തമല്ല.

2. കേന്ദ്ര ധനകാര്യകമ്മിഷൻ ഗ്രാന്റ് വരവുകൾ പൂർണ്ണമാ
ഉൾപ്പെടുത്തിയിട്ടില്ല. കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റ
ഇനത്തിൽ ലഭിച്ച തുക പൂർണ്ണമായും വാർഷിക കണ
വിശദവിവരം ഖണ്ഡിക 1-3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റിന്റെ അംഗീകാരം സംബന്ധിച്ച വിശ
ചേർക്കുന്നു

ഇനം	ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം
പ്രാഥമിക ബജറ്റ്	1(1)/15-03-2022
പുതുക്കിയ ബജറ്റ്	2(1)/09-02-2023

ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന തുകകൾ

ഇനം	പ്രാഥമിക ബജറ്റ്	പു
മുന്നിരിപ്പ്	2,92,47,420	3,53,
വരവ്	10,95,10,000	12,7
ആകെ	13,87,57,420	16,2
ചെലവ്	12,93,24,300	13,5
നീക്കിയിരിപ്പ്	94,33,120	18,7

1-3-1 സ്രോതസിൽ നിന്നും കുറവ് ചെയ്ത തുക ഗ്രാന്റ് ഉൾപ്പെടുത്തിയിട്ടില്ല

വിവിധ ഗ്രാന്റുകൾ അനുവദിച്ച സമയത്ത് സ്രോതസിൽ നി
സ്റ്റേറ്റ്മന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദ വിവരം ചുവടെ

ഫണ്ട്	സർക്കാർ ഉത്തരവ് നം./തീയതി	ലൈഫ് മിഷൻ വ തിരിച്ചടവ് (₹)
വികസനഫണ്ട് (ജനറൽ)	നം.1049/2022/ധന/13.2.22	0
	നം.2839/2022/ധന/8.4.22	0
	നം.6872/2022/ ധന/12.10.22	0
വികസനഫണ്ട് (TSP)	നം.1049/2022/ധന/13.2.22	1457122
	നം.6872/2022/ ധന/12.10.22	1457121
	ആകെ	2914243

1-3-2 കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റ് തുകകൾ പൂ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

സർക്കാർ ഉത്തരവ് നം. (ആർ.ടി) 4585/2022/ഫിൻ. തിയതി 23. (ടൈഡ്) ഇനത്തിൽ അനുവദിച്ച ₹1733155/-, സി.എഫ്.സി. അനുവദിച്ച ₹25748/- എന്നിവ വാർഷിക ധനകാര്യ പത്രിക പ്രസ്തുത തുകകൾ കൂടി ഉൾപ്പെടുത്തിയ തുകയാണ് ഗ്രാന്റ് വി 3) ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കിൽ ചേർത്തി നീക്കിബാക്കി തുകകളും ഗ്രാന്റ് സേറ്റേറ്റ്മെന്റിലെ നീക്കി പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് 29.11.2023) മറുപടി ലഭ്യമാക്കിയില്ല. തുകകൾ പൊരു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-3 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹
വികസന ഫണ്ട് (പൊതു വിഭാഗം)	0	23049000	23049000
വികസന ഫണ്ട് (പട്ടികവർഗ്ഗം)	0	8426000	8426000
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	3679000	5543155	9222155
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)	791026	2565748	3356774
സംരക്ഷണ ഗ്രാന്റ് റോഡിതരം	0	632000	632000
സംരക്ഷണ ഗ്രാന്റ് റോഡ്	0	200300	200300
ഐ.സി.ഡി.എസ്	354269	0	354269
സമ്പൂർണ്ണ ശുചിത്വം	245388	0	245388
ശുചിത്വ മിഷൻ	632481	0	632481
ജലനിധി	2699949	649	2700598
ലൈഫ്	500000	0	500000
ബ്ലോക്ക് പഞ്ചായത്ത്	25790	0	25790
ജില്ലാ പഞ്ചായത്ത്	976194	0	976194
പ്രളയ ദുരിത സംഭാവന	2295	0	2295
സംസ്ഥാന സർക്കാർ അവാർഡ് നിർമ്മൽ	300000	0	300000

പുരസ്കാരം			
പ്രത്യേക ഉദ്ദേശ ഗ്രാന്റ് (320300199)	26494002	722956	27216958
ഹെൽത്ത് ഗ്രാന്റ് - അടിസ്ഥാന വികസനം	0	146237	146237
ഹെൽത്ത് ഗ്രാന്റ് - സുസ്ഥിര പ്രവർത്തനം	0	39461	39461
മറ്റ് ബാധ്യതകൾ – (320100999)	162180	72459	234639

1-3-3 ഗ്രാന്റ് വിനിയോഗത്തിലെ കുറവ്- ഗ്രാമപഞ്ചാ 28.32ലക്ഷം

ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ ജി.ഒ.(എംഎസ്)79/2021 ന സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം ആ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വ ലഭ്യമാകുന്നത്. 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത ഗ്രാന്റിനങ്ങളിലൊന്നും തന്നെ നിശ്ചിത 80% ചെലവഴിയ്ക്കാനായിട്ടില്ല. തൻമൂലം ഷോർട്ട് ഫോളായി ₹28,1 വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	അലോട്ട്മെന്റ് (₹)	യഥാർത്ഥ ചെലവ് (₹)	ചെലവ് ശതമാനം	2023-2 അനു

				കൃാറ തുക
വികസനഫണ്ട് ജനറൽ	23049000	15922531	69.08%	46098
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	200300	0	0%	40060
മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)	632000	349544	55.3%	12640
ആകെ				

ഗ്രാമപഞ്ചായത്തിന് വാർഷിക പദ്ധതി നിർവഹണ സമയബന്ധിതവും കാര്യക്ഷമവുമായി വിനിയോഗിക്കാതെ നടപടിയല്ല. അതത് വർഷം പ്രോജക്ടുകൾക്ക് വകയിരുത്ത വരുന്ന സാഹചര്യം തുടർവർഷങ്ങളിൽ നൂതനമായ പ്രോജക സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കാനിടയാക്കുന്നു ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടാകുന്നത് ഒഴിവ മുൻകരുതൽ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണ നിർവഹണ ഉദ്യോഗസ്ഥർ എന്നിവരുടെ അടിയന്തരശ്ര ക്ഷണിക്കുന്നു.

1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ ₹	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് ₹	നടപ്പാക (എ
95	49646071	55	32122404	4

വിവിധ നിർവഹണ ഉദ്യോഗസ്ഥരുടെ ഇനം തിരിച്ചുള്ള വിവര

	നിർവഹണ ഉദ്യോഗസ്ഥൻ	അംഗീകാരം ലഭിച്ച പ്രോജക്ടുകൾ	നടപ്പാക്കിയത്
1	അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ)	35	12
2	അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത്	3	1
3	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	7	6
4	കൃഷി ഓഫീസർ	7	7
5	മെഡിക്കൽ ഓഫീസർ - ആയുർവേദം	2	2
6	മെഡിക്കൽ ഓഫീസർ - പി.എച്ച്.സി/സി.എച്ച്.സി	6	2
7	മെഡിക്കൽ ഓഫീസർ - ഹോമിയോ	1	1

8	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	5	3
9	വെറ്ററിനറി സർജൻ	3	1
10	സെക്രട്ടറി, ഗ്രാമപഞ്ചായത്ത്	20	14
11	ഹെഡ്മാസ്റ്റർ, ഗവൺമെന്റ് എൽ.പി. സ്കൂൾ	6	6
	ആകെ	95	55

1-5 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	
ഭരണചെലവുകൾ	3427607	6,889,131	1
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	16491307	1

1-6 ക്ഷേമ പെൻഷനുകൾ

ക്രമ നം.	ക്ഷേമ പദ്ധതി	ചെലവഴിച്ച തുക ₹	
1	വിധവ പെൻഷൻ	185,600	
2	വാർദ്ധക്യകാല പെൻഷൻ	972,800	

2022-23 വർഷത്തിൽ വിതരണം നടത്തിയ ക്ഷേമ പെ
ഗുണഭോക്താക്കളുടെ എണ്ണം, വിതരണം നടത്തിയ
ഒഴിവാക്കിയവരുടെയും വിവരങ്ങൾ തുടങ്ങിയവ) ബന്ധ

ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ
ലഭ്യമാക്കിയില്ല

1-7 ക്യാഷ് ബാലൻസ് പരിശോധന

1994–ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്ര
പരിശോധന 28.11.2023–ന് ഉത്തരവാദപ്പെട്ട ഉദ്യോഗ
നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല

1-8 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് ഓഫീസിനായി സൊസൈറ്റ
നിർമ്മിച്ചിട്ടുണ്ടെങ്കിലും വൈദ്യുതിയും നെറ്റ് സംവി
സജ്ജമാകാത്തതിനാലും ഗതാഗതയോഗ്യമായ വഴിയ
ദേവികുളത്ത് പരിമിതമായ സൗകര്യത്തിലുള്ള കെട്ടിടത്ത
ഓഫീസിൽ നിന്നാണ് സേവനങ്ങൾ പ്രദാനം ചെയ്യുന്നത്.
രീതിയിൽ ജീവനക്കാർ സൊസൈറ്റിക്കുടിയിലെ ഓഫ
നൽകുന്നുണ്ട്.

ഓഫീസ് സംവിധാനം-ക്ലർക്കുമാർ, സീനിയർ ക്ലർക്കുമാർ എ
വീതവും ഒരു ഓഫീസ് അറ്റന്ററ്റ്, അക്കൗണ്ടന്റ്, അസി
എന്നിവരും ഉൾപ്പെടുന്നതാണ് നിലവിലെ ഓഫീസ് സം
പ്രകാരം കൃത്യമായ ജോലി വിഭജനംനടത്തിയിട്ടുണ്ട്. എ
ജനങ്ങൾ നേരിട്ട് ഓഫീസിൽ എത്തിച്ചേരുന്നത് വിരളമാ
സംവിധാനത്തിന്റെ ആവശ്യകതതന്നെ ഉണ്ടാകുന്നില്ല.

2. ഗ്രാമപഞ്ചായത്ത് പ്രദേശം പൂർണ്ണമായും വനമേഖലയിൽ ഉ
നിർമ്മാണത്തിന് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഏതാനും
നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇതിനുള്ള സ്ഥലം പൂർണ്ണമ
വിട്ടുകിട്ടിയിട്ടില്ലാത്തതിനാൽ ആസ്തി രജിസ്റ്ററുകളി

ബുദ്ധിമുട്ടുകൾ നേരിടുന്നു. ഇതുമൂലം ലഭിക്കുന്ന ഫണ്ടുകൾ സാധിക്കുന്നില്ല.

ഗതാഗതയോഗ്യമായ റോഡുകളുടെ അപര്യാപ്തതമൂലം സാധനങ്ങളും നിർമ്മാണ സാമഗ്രികളും പഞ്ചായത്ത് പ്രദേ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ വൻ ചെലവ് വരുന്നുണ്ട്.

പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുക ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റി പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ നടപ്പിലാക്കുന്നില്ല.

വാങ്ങൽ പ്രക്രീയകളിൽ ആവശ്യമായ കരുതലുകൾ സ്വീകരി പ്രധാന തനത് വരുമാന സ്രോതസുകളായ വസ്തു നികുതി, തെ നിന്നുള്ള വരുമാനം തുച്ഛമായതിനാൽ സർക്കാരിൻ നി പൂർണ്ണമായും ആശ്രയിച്ചാണ് പഞ്ചായത്ത് പ്രവർത്തിക്കുന്നത്.

1-9 ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ പ്രൊജക്ടുക ഹാജരാക്കിയില്ല- ₹960529/- തടസ്സപ്പെടുത്തുന്നു

2022-23 വർഷം ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥ കൊടുത്തിട്ടുള്ള പ്രൊജക്ടുകൾ പ്രകാരം ആകെ ₹960529/- ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രൊജക്ട് നം	പ്രൊജക്ടിന്റെ പേര്	ഫണ്ട
1	55/2023	നൂറടിക്കുടിയിൽ ലൈബ്രറിക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കലും പുസ്തകങ്ങൾ വാങ്ങലും	വികസ പൊതു ₹33827

2	24/2023	എൽ. പി. സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം	വികസ (ടിഎ ₹10000
3	74/2023	സമഗ്രവിദ്യാഭ്യാസം	വികസ (ടിഎ ₹50000
4	56/23	ഇടമലക്കുടി ട്രൈബൽ എൽ.പി. സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ കിച്ചൻ വെസൽസ് ഗ്യാസ് സിലണ്ടർ എന്നിവ	വികസ (ടിഎ ₹28382
5	75/23	ഇടമലക്കുടി എൽ.പി. സ്കൂൾ കുട്ടികളുടെ യൂണിഫോം തയ്യൽക്കൂലി നൽകൽ	വികസ (ടിഎ ₹10000
6	73/23	എൽ. പി. സ്കൂൾ കുട്ടികൾക്ക് ബാഗ്, കുട, ബെൽറ്റ്, ടാഗ്, എന്നിവ വാങ്ങി നൽകൽ	വികസ (ടിഎ ₹14000
ആകെ			

ഓഡിറ്റ് റിക്വസിഷൻ നൽകിയെങ്കിലും (റിക്വിസിഷൻ അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കി ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് വിശ്രമത്തിലായതിനാൽ സാവകാശം അനുവദിക്കണമെന്ന് ഓഡിറ്റ് വേളയിൽ നിർ നൽകി. സാമ്പത്തിക വർഷം അവസാനിച്ച് ഇത്രയും കാല ഉദ്യോഗസ്ഥൻ വിരമിക്കുകയും ചെയ്തിട്ടും ഫയലുകൾ

ഉദ്യോഗസ്ഥന് കൈമാറി ഏൽപ്പിക്കുകയോ കൃത്യമായി ര
ചെയ്യാത്തത് ശരിയായ നടപടിയല്ല. ഫയലുകളും രേഖകളും
പ്രൊജക്ടുകൾക്കായി ചെലവഴിച്ച ₹960529/- തടസ്സപ്പെടുത്തുന്നു.

1-10 ഹെൽത്ത് ഗ്രാന്റിനത്തിൽ എഫ്എച്ച്സിയ്ക്ക് ല വിനിയോഗിച്ചില്ല

ഹെൽത്ത് ഗ്രാന്റിനത്തിൽ പഞ്ചായത്തിന് അക്കൗണ്ട് നം. 4
അക്കൗണ്ടുകളിലേക്ക് ലഭിച്ച തുകകൾ താഴെ കൊടുത്തിര
വകയിരുത്തിയിരുന്നു.

ക്രമ നം	പ്രൊജക്ട് നം	പ്രൊജക്ടിന്റെ പേര്
1	94/23	എഫ്. എച്ച്. സി. യിലേക്ക് ലാബ് ഉപകരണ
2	95/23	എഫ്. എച്ച്. സി. യിലേക്ക് ഹെൽത്ത് & വെ പ്രവർത്തനങ്ങൾ നടപ്പാക്കൽ

എന്നാൽ തൻവർഷം ഈ പ്രൊജക്ടുകൾ നടപ്പാക്കിയിട്ടില്ലെന്
പ്രകാരം 31.3.23 ൽ SBI-DIAGNOSTIC INFRASTRUCTURE TO PHC F
₹146,237/- ഉം SBI-HEALTH GRANT FOR CONVERSION TO HEALTH A
അക്കൗണ്ടിൽ ₹39,461/- ഉം അവശേഷിക്കുന്നുണ്ട്. ഹെൽത്ത
തുകകൾ ചെലവഴിക്കാത്തത് സംബന്ധിച്ച് വിശദീകരണം ആ
അന്വേഷണത്തിന് (12/29.11.23) മറുപടി ലഭ്യമായില്ല. ലഭ്യമാക
വിനിയോഗിച്ച് വളരെയേറെ ആരോഗ്യപ്രശ്നങ്ങൾ അഭി
ഏരിയയിലെ എഫ്. എച്ച്. സി. യുടെ പ്രവർത്തനങ്ങൾ മെ
നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് കമ്മിറ്റി
ഇടപെടേണ്ടതാണ്.

1-11 പാലിയേറ്റീവ് കെയർ പദ്ധതി -നടപ്പാക്കുന്നില്ല

പഞ്ചായത്തിന്റെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ 2022 നടന്നിട്ടുള്ളതെന്ന് ഫയലുകൾ പരിശോധിച്ചതിൽ നിന്നും 6 20/23-പാലിയേറ്റീവ് കെയർ സംവിധാനം എന്ന പ്രോജ സേവനങ്ങൾക്കായി ആകെ ₹60770/- മാത്രമാണ് ചെലവഴിച്ച തുകയായ ₹61475/- ട്രൈബൽ മേഖലയിലെ മെഡിക്കൽ ക്യ ആയത് സുലേഖയിൽ തെറ്റായി അക്കൗണ്ട് ചെയ്യ നിലവിലുണ്ടായിരുന്ന പാലിയേറ്റീവ് നഴ്സ് ജോലിയിൽ നിന്നും ആരെയും നിയമിക്കുന്നതിനോ പാലിയേറ്റീവ് സേ സാധിച്ചിട്ടില്ല. ട്രൈബൽ മേഖലയായ ഇടമലക്കുടിയിൽ ന് യുടെ പ്രവർത്തനങ്ങൾ പോലും ഫലപ്രദമായി നടക്കുന്നില്ലെ നിന്നും ബോധ്യപ്പെട്ടു. സർക്കാരിന്റെ നിർബന്ധിത പാലിയേറ്റീവ് കെയർ സേവനങ്ങൾ അവശരോഗികളി സാഹചര്യം ഒഴിവാക്കപ്പെടേണ്ടതാണ്. പാലിയേറ്റീവ് സേ പുനരാരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അ

1-12 മരുന്നു വാങ്ങൽ പദ്ധതി-വിതരണ ഏജൻസി മ ലഭ്യമാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ :- മെഡിക്കൽ ഓഫീസർ, എഫ്.എച് കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ (19/23) പ മരുന്ന് വാങ്ങലിനായി കേരള മെഡിക്കൽ സർവീസസ് 22100352012301417094/21.3.23 പ്രകാരം മുൻകൂറായി ₹400000/- നൽ ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സുകൾ പ്രകാരം ലഭ്യമായ മ ചേർക്കുന്നു.

പ്രോജക്ട് നം., പേര്	കൈമാറിയ തുക, ബിൽ നം./തീയതി	ലഭ്യമാ മരുന്നുക മൂല്യം
19/23, കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ	221003520123014170 94/21.3.23 ₹400000/-	166247

അവശേഷിക്കുന്ന മരുന്ന് ലഭ്യമാകുന്നതിന് നടപടികൾ രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-13 ജി.എസ്.റ്റി കോംപോസിഷൻ സ്കീം പ്രകാരം രജി സ്ഥാപനത്തിന് ജി.എസ്.റ്റി അനുവദിച്ചു

ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോ അമൃതം നുട്രീമിക്സ് വാങ്ങിയ വകയിൽ കുടുംബശ്രീ ബില്ലുകളിലായി ₹172320/- അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദ

പദ്ധതി നം/ പദ്ധതിയുടെ പേര്	ഫണ്ടിനം	അടങ്കൽ	ചെലവ്	ബിൽ നം/ തീയതി	ബിൽ തുക	ബിൽ ഓഫ് സപ്ലൈ നമ്പർ/ തിയതി	വാങ്ങ അളവ കിലോ
12/2023 അംഗൻവാടി പോഷകാഹാരം	വികസന ഫണ്ട് - ജനറൽ	950100	915726	221003520149 00305350/ 12-7-22	574239	513/ 11-4-22	2
	വികസന ഫണ്ട് - ടി.എസ്.പി	1069000	1067559	22100352014 900908409/ 14-12-22	193998	542/ 5-9-22	7

						569/ 19-10-22	2
						576/ 21-11-22	24
				22100352014 901242162/ 24-2-23	188743	588/ 22-12-22	2(
						599/ 24-1-23	2
						611/ 14-1-23	2
				22100352014 90139202/ 17-3-23	64649	6/ 8-3-23	2

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പിന്റെ 25.05.2018-ലെ സർ
1450/2018/ ത.സ്വ.ഭ.വ. പ്രകാരം അമൃതം നുട്രീമിക്സിന്റെ വി
₹73.50/- ആണ്. ജി.എസ്.റ്റി. ഉൾപ്പെടെയുള്ള തുകയാണ്
സപ്ലിമെന്റ് യൂണിറ്റിന് നൽകിയിരിക്കുന്നത്. ബിൽ ഓഫ് സ
സ്ഥാപനം ലഭ്യമാക്കിയിരിക്കുന്നത്. പ്രസ്തുത സ്ഥാപനം ജി.എ
പ്രകാരം രജിസ്റ്റർ ചെയ്തിരിക്കുന്നതിനാൽ ഉപഭോക്താക്
ഈടാക്കാൻ കഴിയില്ല (2017 ലെ കേരളാ ഗുഡ്സ് ആന്റ് സർവീ
(F,G)). നിയമാനുസൃതം ജി.എസ്.റ്റി. ഈടാക്കാൻ അവക
ജി.എസ്.റ്റി. ഉൾപ്പെടെയുള്ള തുക അനുവദിച്ചത് അധിക ച
ജി.എസ്.റ്റി-ക്ക് അർഹതയില്ലാത്ത സ്ഥാപനത്തിന് ജി
വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ജി.എസ്.റ

നല്കിയ ₹8205/- തിരികെ ഈടാക്കിയോ തുടർവർഷത്തെ അറിയിക്കേണ്ടതാണ്.

1-14 യൂണിറ്റ് കോസ്റ്റിനേക്കാൾ ഉയർന്ന നിരക്കിൽ തെ വിതരണം ചെയ്തത് സംബന്ധിച്ച്

നിർവ്വഹണം	കൃഷി ഓഫീസർ
ഫണ്ട്	ഡെവലപ്പ്മെന്റ് ഫണ്ട് ജനറ
അടങ്കൽ / ചെലവ്	250000/250000
ബിൽ നം/ തീയതി	221003520470141870O/21-3-23, ₹ 25
ഇൻവോയിസ് നം	78/18-3-2023

കൃഷി ഓഫീസറുടെ 30-12-2022-ലെ EMDY/03/2022-23 നമ്പർ കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത Deez Agro Farms-ൽ നി ഇനത്തിൽപ്പെട്ട 2404 തെങ്ങിൻ തൈകൾ വാങ്ങി വിതരണം ച സമിതി അദ്ധ്യക്ഷന്റെ 28-8-2022-ലെ നമ്പർ 677/2022/DPC/DPC ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകളുടെ യൂണിറ്റ് കോസ്റ്റ് ₹100/- നാല് രൂപ വീതം അധികം നൽകിയിട്ടുണ്ട്. ആകെ ₹9616/- (240 യൂണിറ്റ് കോസ്റ്റിനേക്കാൾ ഉയർന്ന് നിരക്കിൽ വാങ്ങൽ ന ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻകൂയറി (നം. 5/29.11.2023 ലഭ്യമാക്കിയല്ല. യൂണിറ്റ് കോസ്റ്റിനേക്കാൾ അധികമായ് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1-15-1 ലൈഫ് ഭവന പദ്ധതി ഭവന നിർമ്മാണം പൂർത്ത സംബന്ധിച്ച്

താഴെ വ്യക്തമാക്കുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു ധനസ കഴിഞ്ഞിട്ടും നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	അക്കൗണ്ട് നം	
	ധരണി	30964763940	
	സുമതി	67315571890	
	മണി എം (മണിമുത്ത്)	120411200422816	
	മായാജ്യോതി	120411200423075	
	കാമാച്ചി	120411200423155	
	ചന്ദ്രിക	120411200423469	

മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾ ഭവന നിർമ്മാ വിശദീകരണം ആവശ്യപ്പെട്ടും ഗുണഭോക്താക്കളുമായി വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനുമായി ഓഡി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾ ലൈഫ് ഭവന പ ധനസഹായം കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കത രജിസ്റ്റർ പരിശോധിച്ചതിൽ ഒന്നിലധികം ഗഡു ധനസഹായം കൈ പൂർത്തിയാക്കാത്ത നിരവധി ഗുണഭോക്താക്കൾ വേറെയുമു പ്രകാരമുള്ള ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തി സ്വീകരിക്കേണ്ടതാണ്.

1-15 ലൈഫ് ഭവന പദ്ധതി അധിക തുക നൽകിയത്

ശ്രീമതി ആലമ്മ ഗോവിന്ദരാജ് (784984) എന്ന ഗുണഭോക്താ ലൈഫ് ഭവന പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്

ക്രമ നം	ബിൽ നം/തീയതി	തു
1	512510090118001 25/09/2018	900
2	2010035201480111556119/02/2021	120

3	10/12/02	220(
4	02/09/21	190(
5	05/08/23	100(
	ആകെ	720(

വെബ് സാംഖ്യ പ്രകാരമുള്ള വിവരങ്ങൾ പരിശോധിച്ചതിൽ വരെയുള്ള ധനസഹായം 120411200423257 അക്കൗണ്ടിലേയ്ക്കും ധനസഹായം 136812327007394 അക്കൗണ്ടിലേയ്ക്കുമാണ് നൽക പദ്ധതി രജിസ്റ്ററിൽ ക്രമ നം (2) പ്രകാരമുള്ള ധ ഉൾപ്പെടുത്തിയിട്ടുമില്ല. പരമാവധി ധനസഹായം ₹600000/- ആ ധനസഹായം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്ന (നം. 4/29.11.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നൽകിയ ധനസഹായം ₹120000/- ഉത്തരവാദിയായ ഈടാക്കേണ്ടതാണ്. ഈടാക്കുന്നത് വരെ 2022-23 ലെ തടസ്സപ്പെടുത്തുന്നു.

1-16 പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ, യു. പി. ജെം മുഖേന താരതമ്യം നടത്താതെ വാങ്ങൽ നടത്ത്

നിർവ്വഹണം	സെക്രട്ടറി
ബിൽ നം	221003520145013806 46/16.03.23-₹151
ഇൻവോയ്സ് നമ്പർ	KMR/22-23/2567/13.03.2023-₹54977/- KMR/22-23/2568/13.03.2023-₹54977/- KMR/22-23/2578/13.03.2023-₹20329/- KMR/22-23/2579/13.03.2023-₹21284/-

മേൽ ബിൽ പ്രകാരം GeM -ൽ രജിസ്റ്റർ ചെയ്തിരിക്കുന്ന കെ.എ
എന്ന സ്ഥാപനത്തിൽ നിന്നും ₹54977/- നിരക്കിൽ രണ്ട് Ace
₹20329/-നിരക്കിൽ HP കമ്പനിയുടെ A4 Laser പ്രിന്ററർ, ₹21284/- ര
ഒരു Ink Tank Printer എന്നിവ വാങ്ങിയിരിക്കുന്നു. ജി. ഒ. (പി)
26.04.2019 പ്രകാരം വാങ്ങൽ നടത്തുന്നതിന് മുൻപ് സ്പെസ
കുറഞ്ഞത് മൂന്ന് വ്യത്യസ്ത നിർമ്മാതാക്കളിൽ നിന്നുള്ള
ഗുണനിലവാരവും താരതമ്യം നടത്തിയതിന് ശേഷം കുറ
നിർമ്മാതാവിന്റെ ഉത്പന്നം വാങ്ങണമെന്ന നിർദ്ദേശ
നിർമ്മാതാക്കളുടെ ഉത്പന്നങ്ങളുമായി താരതമ്യ പഠനം നടത
ചെയ്തിരിക്കുന്ന സ്ഥാപനമായ K.M. ടെക്നോളജീസിൽ നിന്ന്
ഗ്രാമപഞ്ചായത്തിന്റെ Gem മുഖേനയുള്ള വാങ്ങലിലെ പരി
സ്ഥാപനം നിശ്ചയിച്ച സ്പെസിഫിക്കേഷനിൽ അ
സാധനങ്ങളുടെ വാങ്ങൽ നടത്തിയിരിക്കുന്നു. തദ്ദേശ സ
വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കു
ഇതിനെ തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള കമ്പ്യൂട്ടറും
വാങ്ങുന്നതിനുള്ള ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാല
ശ്രദ്ധിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡി

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡി

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവ

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയ

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക ₹	പ്രോജക്ടിന്
ജില്ലാ പഞ്ചായത്ത്	2022-2023	400000	സുവർണ്ണഭ (105/23)

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ

ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാ
അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നം./ തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹	വരവ് ₹	തൻവർ തിരിച്ചട തുക ₹	
				മുതൽ	